**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് കൊഴിഞ്ഞാമ്പാറ സെന്റ് പോൾസ് ഹൈസ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച പുന:പരിശോധന ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

**സ.ഉ.(സാധാ) നം.2025/2025/GEDN തീയതി,തിരുവനന്തപുരം, 14-03-2025**

---

പരാമർശം:-

1. പാലക്കാട് കൊഴിഞ്ഞാമ്പാറ സെൻറ് പോൾസ് ഹൈസ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച 19/08/2024 തീയതിയിലെ പുന:പരിശോധനാ ഹർജി
2. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 28/10/2024, 30/10/2024, തീയതിയിലെ DEOPKD/10042/2022-B5 നമ്പർ കത്തുകൾ.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 30/10/2024 തീയതിയിലെ ആർഎ1/20099/2024/ഡിജിഇ നമ്പർ കത്ത്.
4. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 31/10/2024 തീയതിയിലെ DDEPKD/4328/2022-B4 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് കൊഴിഞ്ഞാമ്പാറ സെൻറ് പോൾസ് ഹൈസ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച പരാമർശം (1) പുന:പരിശോധനാ ഹർജിയിന്മേൽ ബന്ധപ്പെട്ട കക്ഷികളുടെ വാദം 02.11.2024 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖാന്തരം കേട്ടു. 2019-20 വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ തന്നെ 2020-21, 2021-22 വർഷങ്ങളിലും തുടരുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ടി സ്കൂളിൽ 2019-20, 2020-21, 2021-22, 2022-23 വർഷങ്ങളിൽ 5 എച്ച്.എസ്.ടി. (മലയാളം) തസ്തികകൾ നിലനിൽക്കുന്നതിനാൽ ടി വർഷങ്ങളിൽ അഞ്ചാമത്തെ എച്ച്.എസ്.ടി.(മലയാളം) തസ്തിക അനുവദിച്ച് ഉത്തരവാകണമെന്നതാണ് ഹർജിയിലെ ആവശ്യം.

**2.** 2019-20 വർഷം മുതൽക്കുതന്നെ 8-ാം ക്ലാസിൽ 1:35, 9,10 ക്ലാസുകളിൽ 1:45 PTR പ്രകാരം 108 പീരിയഡ് മലയാളം പഠിപ്പിക്കുവാൻ

ലഭ്യമാണെന്നും, ഹൈസ്കൂൾ വിഭാഗത്തിൽ അഞ്ചാമത്തെ എച്ച്.എസ്.ടി.(മലയാളം) തസ്തിക 1:45 റേഷ്യോയിൽ തന്നെ 2019-20 മുതൽ നിലനിന്നു വരുന്നതാണെന്നും, 2022-23 വർഷം ആറാം പ്രവൃത്തി ദിവസത്തെ ഹൈസ്കൂൾ വിഭാഗം കുട്ടികളുടെ എണ്ണമനുസരിച്ച് മലയാളം പഠനത്തിന് 120 പീരിയഡ് ലഭ്യമായിട്ടുള്ളതിനാൽ 5-ാാം മലയാളം തസ്തിക അനുവദിക്കാവുന്നതാണെന്നും 2019-20 മുതൽ തന്നെ 5 മലയാളം അധ്യാപകരെ നിലനിർത്തി വരുന്നുണ്ടെന്നും മാനേജർ അറിയിച്ചിട്ടുണ്ട്.

**3.** 2019-20 വർഷം 104 മലയാളം പീരിയഡുകൾക്ക് 4 എച്ച്.എസ്.ടി. (മലയാളം) തസ്തിക അനുവദിച്ചിട്ടുണ്ടെന്നും 2020-21, 2021-22 വർഷങ്ങളിൽ തൽസ്ഥിതി തുടർന്നുവെന്നും, 2022-23 വർഷം 118 മലയാളം പീരിയഡുകൾക്ക് 5 എച്ച്.എസ്.ടി. (മലയാളം) തസ്തികയ്ക്ക് അർഹതയുണ്ടെന്നും വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**4.** സർക്കാർ ഇക്കാര്യം വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ടി സ്കൂളിൽ 2019-20 വർഷം തന്നെ 1:45 അനുപാതത്തിൽ അഞ്ചാമത്തെ എച്ച്.എസ്.ടി.(മലയാളം) തസ്തിക അനുവദിക്കുന്നതിനുള്ള പീരിയഡുകൾ ലഭ്യമാണെന്നാണ് മാനേജർ വാദിക്കുന്നതെങ്കിലും 4 എച്ച്.എസ്.ടി. (മലയാളം) തസ്തികകൾ മാത്രമേ ടി സ്കൂളിന് അനുവദിച്ചു നൽകിയിട്ടുള്ളൂ എന്നതിനാൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകി, പാലക്കാട് കൊഴിഞ്ഞാമ്പാറ സെൻറ് പോൾസ് ഹൈസ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച പരാമർശം (1) പുന:പരിശോധനാ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**i.** 2019-20-ൽ മലയാളത്തിന് മതിയായ എണ്ണം കുട്ടികളും തദനുസൃതമായി പീരിയഡുകളും ലഭ്യമാണോയെന്നു പരിശോധിച്ച് ടി വർഷം എച്ച്.എസ്.ടി.(മലയാളം) തസ്തിക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുന്നതൊടൊപ്പം അപ്രകാരം അനുവദനീയമെങ്കിൽ ടി തസ്തിക 2020-21, 2021-22 വർഷങ്ങളിലും തുടരുമെന്നതിനാൽ 2022-23-ൽ അർഹതയുള്ള തസ്തിക അധികതസ്തികയാകില്ല എന്ന് അറിയിക്കുന്നു.

**ii.** 2019-20-ൽ അഞ്ചാമത്തെ എച്ച്.എസ്.എ. മലയാളം തസ്തികയ്ക്ക് അർഹതയില്ലാത്ത പക്ഷം 2022-23 വർഷം ഒരു എച്ച്.എസ്.എ മലയാളം അധികതസ്തികയ്ക്ക് അർഹതയുള്ളതിനാൽ അത് അനുവദിക്കുന്നതിന് വ്യക്തമായ ശിപാർശയോടെ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനും കൂടാതെ, അർഹതയുണ്ടായിട്ടും അധികതസ്തിക ശിപാർശ ചെയ്യാതിരുന്ന ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും, മാനേജർ അപ്പീൽ സമർപ്പിച്ചപ്പോൾ തസ്തികയ്ക്ക് അർഹതയുണ്ടെന്ന് ബോദ്ധ്യമായിട്ടും അത് അനുവദിക്കുന്നതിനുള്ള പരിശോധന നടത്താതെയും ശിപാർശ സമർപ്പിക്കാതെയും രണ്ട്

വർഷം കഴിഞ്ഞ് ടി തസ്തികയ്ക്ക് അർഹതയുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വിശദീകരണം വാങ്ങി, അവ പരിശോധിച്ച് വീഴ്ച കണ്ടെത്തുന്ന പക്ഷം കുറ്റക്കാർക്കെതിരെ ഉചിതമായ നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യുന്നതിനും നിർദ്ദേശം നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്.
മാനേജർ, സെന്റ് പോൾസ് ഹൈസ്കൂൾ, കൊഴിഞ്ഞാമ്പാറ, പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, സെന്റ് പോൾസ് ഹൈസ്കൂൾ, കൊഴിഞ്ഞാമ്പാറ, പാലക്കാട്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
പൊതുവിദ്യാഭ്യാസ (ജെഎ)വകുപ്പ് (GE-JA3/6/2025-G.EDN dated : 18/02/2025)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (B3/283/2024)

ഉത്തരവിൻ പ്രകാരം
Signed by
Shahnakumari S L
Date: 15-03-2025 10:27:47
സെക്ഷൻ ഓഫീസർ